
# അദ്ധ്യായം - 21



*1. വി. എച്ച്. താക്കൂർ, 2. അനന്തറാവു പതൻകർ, 3. പന്ധർപൂർ വക്കീൽ ഇവരുടെ കഥകൾ*

## മുഖവുര

നമ്മുടെ പൂർവ്വജന്മ സുകൃതംകൊണ്ടാണ് നമുക്ക് ഋഷിമാരുടെ സമ്പർക്കമുണ്ടാവുന്നതെന്ന് ഒരു പൊതു നിയമമാണ്. ഉദാഹരണമായി ഹേമപദ്പാന്ത് സ്വന്തം അനുഭവത്തെതന്നെ ചൂണ്ടിക്കാട്ടുന്നു. അയാൾ ബോംബെ ക്കടുത്ത ബന്ദ്രയിലെ ഒരു മജിസ്ട്രേട്ടായിരുന്നു. അവിടെ പീർ മൗലാനാ എന്നുപേരായ പ്രശ്സതനായ ഒരു മുസ്ലീം സിദ്ധനുണ്ടായിരുന്നു. നാനാമതസ്ഥരും അദ്ദേഹത്തെ പോയി ദർശനം ചെയ്തിരുന്നു. ഹേമദ്പാന്തിന്റെ പുരോഹിതൻ അയാളോട് പീറിനെ പോയി കാണാൻ പലതവണ നിർബന്ധിച്ചു. പക്ഷെ എന്തെങ്കിലും കാരണവശാൽ പോവാൻ കഴിഞ്ഞിരുന്നില്ല. വളരെ കാലങ്ങൾക്കുശേഷം ഊഴം എത്തുകയും ഷിർദ്ദിയിലേക്ക് വിളിച്ച് ബാബയുടെ ഡർബാറിലെ ഒരു സ്ഥിരം അംഗമാക്കുകയും ചെയ്തു നിർഭാഗ്യവാന്മാർക്ക്

ഋഷിമാരുടെ സമ്പർക്കം  കിട്ടുന്നില്ല. ഭാഗ്യവാന്മാർക്കെ അതു തരപ്പെടുകയുള്ളൂ.

## ഋഷിമാർ എന്ന സ്ഥാപനം

പണ്ടുകാലം മുതല്ക്കെ ലോകത്തിൽ 'ഋഷിമാർ' എന്ന സ്ഥാപനമുണ്ട്. പല ഋഷിമാരും പല സ്ഥലത്തു അവതരിച്ച് അവരുടെ കൃത്യങ്ങൾ നിർവ്വഹിക്കുന്നു. പല സ്ഥലത്തും അവരിരുന്നാലും അവർ ഒറ്റക്കെട്ടാണ്. അവർ ഏകോപിച്ച് ഭഗവാന്റെ നിയോഗമനുസരിച്ച് പ്രവൃത്തിക്കുന്നു. മാത്രമല്ല, മറ്റു യോഗികൾ പ്രവൃത്തി എന്തെന്നറിഞ്ഞ് വേണ്ടുന്നിടത്ത് പൂർത്തീകരിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇതിന്നൊരു ദാഹരണം പറയാം.

## മിസ്റ്റർ താക്കൂർ

മിസ്റ്റർ വി. എച്ച്. താക്കൂർ ബി. എ. റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഒരു ക്ലാർക്കായിരുന്നു. അയാൾ ഒരു സർവ്വെ പാർട്ടിയൊന്നിച്ച് ബൽഗാമിനടുത്ത് വഡഗാം എന്ന സ്ഥലത്തുവന്നു. അവിടുന്നു അപ്പാ എന്നു പേരായ ഒരു കർണ്ണാടകക്കാരൻ സിദ്ധനെ കണ്ടു വന്ദിച്ചു. അദ്ദേഹം നിച്ചൽദാസിന്റെ 'വിചാരസാഗരം' എന്ന വേദാന്ത പുസ്തകത്തിലൊരു ഭാഗം വായിച്ച് വിവരി ക്കുകയായിരുന്നു. താക്കൂർ പോവാനൊരുങ്ങിയപ്പോൾ അദ്ദേഹം പറഞ്ഞു. ' ഈ പുസ്തകം നിങ്ങൾ വായിക്കണം. എന്നാൽ നിങ്ങളുടെ ആഗ്രഹം സഫലീകരിക്കും. ഭാവിയിൽ നിങ്ങൾ ജോലി സംബന്ധമായി വടക്കോട്ട് പോവുമ്പോൾ നിങ്ങളുടെ ഭാഗ്യവശാൽ ഒരു മഹാസിദ്ധനെകാണാനിടയാകും. അദ്ദേഹം ഭാവി മാർഗ്ഗങ്ങൾ പറഞ്ഞു തന്ന് നിങ്ങളുടെ മനസ്സിന്ന് ശാന്തി തന്നു സന്തുഷ്ടനാക്കും.

പിന്നീടയാളെ ജുംന്നാറിലേക്ക് സ്ഥലം മാറ്റി. അയാൾക്ക് നാനെഘട്ട് മല മുറിച്ചു കടക്കേണ്ടതുണ്ടായിരുന്നു. ഇത് ചെങ്കുത്തായ മലയായതിനാൽ ഒരു വാഹനവും പോവില്ല. അങ്ങിനെ അയാൾ ഒരു പോത്തിന്റെ പുറത്തുകയറി സവാരി ചെയ്ത് വളരെ അസൗകര്യവും വേദനയും അനുഭവിച്ച് മല കടക്കേണ്ടിവന്നു. പിന്നെ ഉദ്യോഗക്കയറ്റം കിട്ടി. കല്യാണിൽ വരുകയും അവിടെ വെച്ച് നാനാസാഹെബ് ചന്ദോർക്കറുമായി പരിചയപ്പെടുകയും ചെയ്തു. അയാൾ ചന്ദോർക്കറിൽനിന്ന് സായിബാബയെപറ്റി പലതും കേൾക്കുകയും സായിയെ കാണാനാഗ്രഹിക്കുകയും ചെയ്തു. അടുത്ത ദിവസം നാനാസാഹെബ് ഷിർദ്ദിക്കു പോവുമ്പോൾ താക്കൂറിനെയും ക്ഷണിച്ചു. അയാൾക്ക് ഒരു സിവിൽകേസിന്ന് താനാ സിവിൽ കോടതിയിൽ ഹാജരാവാനുണ്ടായിരുന്നതിനാൽ പോവാൻ തരപ്പെട്ടില്ല. അങ്ങിനെ നാനാസാഹെബ് ഒറ്റക്കുപോയി. താക്കൂർ താനെയിൽ പോയപ്പോൾ കേസ് നിർത്തിവെക്കുകയും ചെയ്തു. അപ്പോൾ നാനാസാഹെബിനോട് കൂടെ പോവാൻ കഴിയാത്തതിനാൽ കുണ്ഠിതപ്പെടുകയും ചെയ്തു. എന്നിട്ടും അയാൾ ഷിർദ്ദിക്കുപോയി. അപ്പോഴെക്കും തലേന്ന് നാനാസാഹെബ് തിരിച്ചു പോയിട്ടുണ്ടായിരുന്നു. അയാളുടെ ചില സുഹൃത്തുക്കൾ അയാളെ ബാബയുടെ അടുക്കൽ കൊണ്ടുപോയി. ആയാൾ ബാബയെ ദർശനം ചെയ്ത്, കാൽക്കൽ നമസ്കരിച്ച് അത്യധികം സന്തുഷ്ടനായി. അയാളുടെ കണ്ണിൽ ആനന്ദാശ്രു നിറഞ്ഞു രോമഹർഷം അനുഭവപ്പെട്ടു. കുറച്ചുകഴിഞ്ഞ് അന്തർയാമിയായ ബാബ പറഞ്ഞു. ‘ആ സ്ഥലത്തെ മാർഗ്ഗം കർണ്ണാടകത്തിലെ സിദ്ധൻ അപ്പയുടെ പ്രഭാഷണം പോലെയോ പോത്തിൻ പുറത്ത് കയറി നാനേഘട്ട് മല കടക്കുമ്പോലെയോ അത്ര എളുപ്പമുള്ളതല്ല. ഈ

ആദ്ധ്യാത്മികമർഗ്ഗത്തിൽ നിങ്ങളുടെ എല്ലാ അദ്ധ്വാനവും ഉപയോഗിക്കണം. അത്ര പ്രയാസമുള്ളതാണ്'. താക്കൂർ ഈ മർമ്മപ്രധാനമായതും മറ്റാർക്കും മനസ്സിലാവത്തുമായ വാക്കുകൾകേട്ട് അതീവ സന്തുഷ്ടനായി. അയാൾക്ക് കർണ്ണാടക സിദ്ധന്റെ വാക്കുകൾ ഫലിച്ചുവെന്ന് ബോദ്ധ്യമായി. പിന്നീട് കൈകൂപ്പി നമസ്കരിച്ച് തന്നെ സ്വീകരിക്കാൻ ബാബയോടപേക്ഷിച്ചു. ബാബ പറഞ്ഞു. 'അപ്പ പറഞ്ഞതൊക്കെ ശരിയാണ്. പക്ഷെ അതൊക്കെ പ്രവർത്തനത്തിലും അനുഭവത്തിലും കൊണ്ടുവരണം. വെറും വായനകൊണ്ട് മാത്രം പോര, എന്താണ് വായിച്ചതെന്ന് ചിന്തിച്ച് അതുപോലെ പ്രവൃത്തിക്കണം. അല്ലെങ്കിൽ പ്രയോജനമില്ല. ഗുരുവിന്റെ അനുഗ്രഹാശിസ്സില്ലാത്ത പുസ്തകം പഠിക്കൽ പ്രയോജന രഹിതമാണ്.' താക്കൂർ വിചാരസാഗറിലെ സിദ്ധാന്തം ഭാഗം വായിക്കലുണ്ട്. അതിന്റെ പ്രായോഗികവശം ഷിർദ്ദിയിൽ നിന്ന് കാണിച്ചു കൊടുത്തു. ഇതു കൂടുതൽ വ്യക്തമാക്കുന്ന മറ്റൊരു കഥപറയാം.

## അനന്തറാവ് പതൻകർ

പൂനാക്കാരനായ അനന്തറാവ് പതൻകറിന് ബാബയെ കാണാൻ ആഗ്രഹം ജനിച്ചു. അയാൾ ഷിർദ്ദിയിൽ വന്ന് ബാബയെ ദർശനം ചെയ്തു. കണ്ണു നിറയെ കണ്ട് അയാൾ സന്തുഷ്ടനായി. അയാൾ ബാബയുടെ പാദങ്ങളിൽ വീണ്, ആരാധനകൾ നടത്തി ബാബയോട് പറഞ്ഞു: 'ഞാൻ ഒരു പാട് വായിച്ചിട്ടുണ്ട്, വേദങ്ങൾ പഠിച്ചിട്ടുണ്ട്. വേദാന്തങ്ങളും പുരാണങ്ങളും ഉപനിഷത്തുകളും അറിയാം. എന്നിട്ടും എനിക്ക് മനഃശാന്തി കിട്ടുന്നില്ല. അതുകൊണ്ട് എന്റെ വായനക്കൊന്നും ഫലമില്ലെന്നു തോന്നുന്നു. നിരക്ഷരകുക്ഷികളായ ശുദ്ധശീലന്മാരായ സാധാരണ ഭക്തന്മാരാണ് എന്നെക്കാൾ

ഭേദം. പലരും എന്നോട് പറഞ്ഞു അവിടുന്ന് ക്ഷണനേരം മനഃശാന്തി കൊടുക്കുമെന്ന്. അതാണ് ഞാനിവിടെ വന്നത് എന്നിൽ കനിവുണ്ടായി അനുഗ്രഹിക്കണം. ബാബ താഴെപറയും പ്രകാരം ഒരു കഥപറഞ്ഞുകൊടുത്തു.

## ഒമ്പത് ഉരുളചാണകത്തിന്റെ കഥ

'ഒരിക്കൽ ഒരു കച്ചവടക്കാരൻ ഇവിടെ വന്നു. അയാളുടെ മുന്നിൽ ഒരു കുതിര ഒമ്പത് ഉരുള ചാണകമിട്ടു. കച്ചവടക്കാരൻ അന്വേഷണ ബുദ്ധിക്കാരനായതിനാൽ മുണ്ടിന്റെ തലകാണിച്ച് ആ ഒമ്പതുരുള ചാണകവും സംഭരിച്ചു. അങ്ങിനെ അയാൾക്ക് ധ്യാനശക്തിയും മനസ്ഥൈര്യവും സിദ്ധിച്ചു'

പതൻകർക്ക് കഥയുടെ അർത്ഥം മനസ്സിലായില്ല. അതുകൊണ്ടയാൾ ദാദാകേൽക്കറോട് ചോദിച്ചു, എന്താണ് ബാബ അതുകൊണ്ടുദ്ദേശിച്ചതെന്ന്. അയാൾ പറഞ്ഞു: 'ബാബ പറയുന്നതെന്തെന്ന് എനിക്കും അറിയില്ല എങ്കിലും അവിടുത്തെ പ്രചോദനം കൊണ്ട് മനസ്സിലായതു പറയാം. കുതിര ഭഗവാനാണ്. ഒമ്പതുരുള ചാണകം നവവിധ ഭക്തിയാണ്. 1. ശ്രവണം 2. കീർത്തനം 3. സ്മരണ 4. പാദസേവ 5. അർച്ചന 6. നമസ്കാരം 7. ദാസ്യം 8. സഖ്യം 9. ആത്മനിവേദനം അഥവാ ആത്മാർപ്പണം. ഇതിലേതെങ്കിലും ഒന്നനുഷ്ഠിച്ചാൽ ഹരി പ്രസാദിച്ച് പ്രത്യക്ഷപ്പെടും. ജപം, തപം, യോഗം മുതലായ സാധനകൾ, ഭക്തിയില്ലെങ്കിൽ പ്രയോജനരഹിതമാണ്. വേദജ്ഞാനവും, മഹാജ്ഞാനിയാണെന്ന പേരും ഭജനപാടലും എല്ലാ ഭക്തിയില്ലെങ്കിൽ പ്രയോജനശൂന്യമാണ്. വേണ്ടത് ഭക്തിയാണ് നിങ്ങൾ സ്വയം ആ സത്യാന്വേഷകനായ

കച്ചവടക്കാരനാണെന്ന് സങ്കൽപിച്ച് നവവിധ ഭക്തി വളർത്തിയാലും! എന്നാൽ സ്ഥൈര്യവും മനഃശാന്തിയും ലഭിക്കും'.

പിറ്റേന്ന് പതൻകർ ബാബയെ നമസ്കാരിക്കാൻ ചെന്നപ്പോൾ ഒമ്പതുരുണ്ട ചാണകം പെറുക്കിയോ എന്ന് ചോദിച്ചു. അയാൾ പറഞ്ഞു. ഞാനൊരു സാധുമനുഷ്യനായതു കൊണ്ട് ബാബയുടെ അനുഗ്രഹമാണ് വേണ്ടതെന്നും എന്നാൽ എളുപ്പം പെറുക്കിയെടുക്കാമെന്നും പിന്നെ ബാബ അനുഗ്രഹിച്ച് ശാന്തിയും ക്ഷേമവും കൈവരട്ടെ എന്നു പറഞ്ഞു. ഇതുകേട്ട് പതൻകർ സംതൃപ്തനായി.

## പന്ധർപൂരിലെ വക്കീൽ

ബാബയുടെ സർവ്വവ്യാപിത്വവും, എപ്രകാരം ബാബ തെറ്റുതിരുത്തി ജനങ്ങളെ നല്ലവഴിക്ക് നയിക്കുന്നുവെന്നും കാണിക്കുന്ന ഒരു ചെറുകഥയോടുകൂടി ഈ അദ്ധ്യായം അവസാനിപ്പിക്കാം. ഒരിക്കൽ പന്ദർപൂരിൽനിന്നൊരു വക്കീൽ ഷിർദ്ദിയിൽവന്ന് ബാബയെ നമസ്കരിച്ച് ചോദിക്കാതെ തന്നെ ദക്ഷിണ കൊടുത്ത് ബാബ പറയുന്നത് കേൾക്കാൻ മസ്ജിദിന്റെ ഒരു മൂലയിൽ ഇരുന്നു. ബാബ അയാളുടെ നേരേ തിരിഞ്ഞു പറഞ്ഞു ജനങ്ങൾ എത്രമാത്രം ദുസ്സാമർത്ഥ്യക്കാരാണ്! അവർകാൽക്കൽവീഴും, ദക്ഷിണതരും, ഉള്ളുകൊണ്ട് പുലഭ്യം പറയുകയും ചെയ്യും. ഇത് അത്ഭുതമല്ലെ ? 'ഇത് വക്കീലിനെ സംബന്ധിച്ചായിരുന്നു. മറ്റാർക്കും അത് മനസ്സിലായില്ല. വക്കീൽ അത് മനസ്സിലാക്കി നിശ്ശബ്ദനായിരുന്നു. അവർ സത്രത്തിലേക്ക് മടങ്ങിയപ്പോൾ വക്കീൽ കാക്കാസാഹെബ് ദീക്ഷിത്തിനോട്

പറഞ്ഞു. 'ബാബ പറഞ്ഞത് മുഴുവൻ ശരിയാണ്. ആ ശരം എന്റെ നേർക്കയച്ചതാണ്. അത് എന്നെ ഗുണദോഷിച്ച്, ഞാൻ ആരെയും അപലപിക്കുയോ കുറ്റം പറയുകയോ ചെയ്യരുതെന്ന് പറഞ്ഞതാണ്. പന്ധർപൂരിലെ സബ്ബ് ജഡ്ജ് നൂൽക്കാർ ദേഹസുഖത്തിനുവേണ്ടി ഷിർദ്ദിയിലേക്ക് പോവുമ്പോൾ സാധാരണ ബാറിലുണ്ടാവാറുള്ളതുപോലെ, ഇതിനെപ്പറ്റിയും ബാറിൽ സംസാരം നടന്നു. സായിബാബയെ കണ്ടാൽ ജഡ്ജിയുടെ സുഖക്കേട് മാറുമോ ? മരുന്നൊന്നും കഴിക്കാതെ എങ്ങനെ മാറാനാണ്. ഈ വിവരമുള്ളവർ ഇത്തരം വിവരക്കേട് കാണിച്ചാലോ എന്നെല്ലാം പറഞ്ഞ് സബ് ജഡ്ജിയെ നിശിത വിമർശനം നടത്തി. ഞാനും അതിൽ പങ്കു ചേർന്നു. ഇപ്പോൾ സായിബാബ അങ്ങനെ ഞാൻ ചെയ്തത് നന്നായില്ലെന്ന് പറഞ്ഞതാണ്. ഇത് അധിക്ഷേപമല്ല, അനുഗ്രഹമാണ്. മറ്റുള്ളവരെ അധിക്ഷേപിക്കുകയോ അപലപിക്കുകയോ ചെയ്യരുതെന്നും വേണ്ടാതെ മറ്റുള്ളവരുടെ കാര്യത്തിൽ ഇടപെടരുതെന്നുമുള്ള ഒരു ഉപദേശമാണ്.

ഷിർദ്ദി പന്ധർപൂരിൽ നിന്ന് 300 നാഴിക അകലെയാണ്. എന്നിട്ടും അവിടെ ബാർമുറിയിൽ നടന്നതു ബാബ അറിഞ്ഞു. ഇടക്കുള്ള നദികളും മലകളും കാടുകളും ഒന്നും ബാബയുടെ ദൃഷ്ടികൾക്ക് തടസ്ഥമായിരുന്നില്ല. ബാബക്ക് എല്ലാവരുടെയും മനസ്സിലുള്ളത് അറിയാം. ബാബയോട് മൂടിവെക്കുന്ന പ്രശ്നമേയില്ല. അടുത്തും അകലെയും എവിടെയായാലും ബാബക്ക് വ്യക്തമായിക്കാണാം. ഇതിൽനിന്ന് വക്കീൽ ഒരാളെയും ദുഷിക്കരുതെന്ന് പഠിച്ചു. അയാളുടെ ദുശ്ശീലം കളഞ്ഞ് സന്മാർഗ്ഗത്തിലേക്കുനയിച്ചു.

ഈ കഥ ഒരു വക്കീലിനെ സംബന്ധിച്ചാണെങ്കിലും എല്ലാവർക്കും ബാധകമാണ്. അതുകൊണ്ട് എല്ലാവരും അതു മനസ്സിലാക്കി നന്നാവട്ടെ. സായിബാബയുടെ മഹത്വവും ലീലകളും അപാരമാണ്. ബാബയുടെ ജീവിതം തന്നെ അങ്ങനെയാണ് സായിബാബ പരബ്രഹ്മൻ അവതരിച്ചതാണ്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!